**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4392** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയുടെ തളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ കാർഷിക മേഖലയുടെ തളർച്ചയ്ക്ക് കാരണമായി കണ്ടെത്തിയിട്ടുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ആഗോള സാമ്പത്തിക ക്രമത്തിന്റെ ഭാഗമായി അന്താരാഷ്ട്ര വിപണിയിലെ ചാഞ്ചാട്ടം, അന്താരാഷ്ട്ര കരാറുകളുടെ ഭാഗമായുള്ള ഇറക്കുമതി, കാലാവസ്ഥാ വ്യതിയാനം, 2017-2018, 2018-2019 കാലയളവിൽ ഉണ്ടായ വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ദുരന്തങ്ങൾ, കോവിഡ്-19, ലോക്ഡൗൺ ആരംഭിച്ചതിനുശേഷം മിക്ക കാർഷിക വിളകളുടെ ആഭ്യന്തര വിലയിലെ ഇടിവ്, ലോക്ക്ഡൗണിന്റെ ഫലമായി തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവ കാർഷിക മേഖലയ്ക്ക് വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. |
| (ബി) | അവ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കോവിഡ്-19 വ്യാപനം മൂലവും മറ്റ് കാരണങ്ങളാലും കാർഷിക മേഖലയെ സാരമായി ബാധിച്ച പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ ചുവടെ ചേർക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കി. 1 .സർക്കാരിന്റെ ഫ്ലാഗ്ഷിപ് പദ്ധതിയായ സുഭിക്ഷ കേരള പദ്ധതി പ്രകാരം 9070.09 ഹെക്ടർ തരിശു നിലത്തു നെൽകൃഷിയും, 4527.353 ഹെക്ടർ തരിശു നിലത്തു പച്ചക്കറി കൃഷിയും 3381.069 ഹെക്ടർ തരിശു നിലത്തു ഫലവർഗ കൃഷിയും 4907.591 ഹെക്ടർ തരിശു നിലത്തു കിഴങ്ങുവർഗ കൃഷിയും 636.5881 ഹെക്ടർ തരിശു നിലത്തു പയറുവർഗ കൃഷിയും 325.045 ഹെക്ടർ തരിശു നിലത്തു ചെറുധാന്യ കൃഷിയും നടത്തുകയുണ്ടായി. 2. കർഷകരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആട്ടു വളർത്തൽ/ പോഷകത്തോട്ടം/ തേനീച്ച കൃഷി/ കൂൺകൃഷി/ പശു വളർത്തൽ/ മത്സ്യ കൃഷി/ ജൈവവള നിർമ്മാണം/ മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി. 3.വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന |

| | | | |
|---|---|---|---|
| | | | രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി. 4."ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷതൈകൾ വിതരണം ചെയ്തു. 5.സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്. 6. കേരളാ ഫാം ഫ്രഷ്, പഴം, പച്ചക്കറി താങ്ങുവില 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വരുകയും ഇത് വഴി 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിക്കുകയുമുണ്ടായി 2712 കർഷകർക്ക് 3.021 കോടി രൂപ അടിസ്ഥാനവില പദ്ധതി പ്രകാരം വിതരണം ചെയ്തു. 7.സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി- 2016-17വർഷത്തിൽ 159.87ലക്ഷം രൂപയും 2017-18 വർഷത്തിൽ 876.1798 ലക്ഷം രൂപയും 2018-19വർഷത്തിൽ 3996.47315ലക്ഷം രൂപയും 2019-20 വർഷത്തിൽ 5560 ലക്ഷം രൂപയും 2020-21വർഷത്തിൽ 7547.2542ലക്ഷം രൂപയും വിതരണം നടത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി എന്ന പദ്ധതിയിൽ 750.00 ലക്ഷം രൂപയാണ് 2021-22 വർഷത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ളത്. എന്നാൽ 4993.86 ലക്ഷം രൂപയും കൂടി ഈ സർക്കാർ അധികമായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി 2000 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ(SDRF) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 489.31029 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 8.കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity Facility-2 (SLF-2)ൽ കർഷകർക്ക് 600 കോടിയുടെ വായ്പ ലഭ്യമാക്കി. 9. കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മെയ് 15-ന കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 37.849828കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ